യുള്ളു. വിലയിൽ ബാക്കിവരുന്ന തുക എട്ടു കൊല്ലങ്ങൾക്കകം കൊടുത്താൽ മതിയാകും.

സാങ്കേതിക വിദ്യാഭ്യാസത്തെ സംബന്ധിച്ചാണെങ്കിലും പ്രവേശനം വിപുലപ്പെടുത്തുന്നതിനുപകരം പഠനസമ്പ്രദായത്തിൽ ഉയർന്ന മാനദണ്ഡം പുലർത്തുക എന്നുള്ളതിനാണ് പ്രാധാന്യം കൊടുത്തിരിക്കുന്നത്. എൻജിനീയറിംഗ് കോളേജുകളിലും പോളിടെക്നിക്കുകളിലും ആവശ്യമായി വരുന്ന ഉപകരണങ്ങൾ വാങ്ങുന്നതിലേയ്ക്കായി ഗണ്യമായ തുകകളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. തൃശൂർ എൻജിനീയറിംഗ് കോളേജിൽ ബിരുദാനന്തരപഠനം തുടങ്ങുന്നതിലേയ്ക്കായി 1970–71–ലെ ബഡ്ജറ്റിൽ 6.5 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. അതുപോലെതന്നെ തിരുവനന്തപുരം എൻജിനിയറിംഗ് കോളേജിലെ ബിരുദാനന്തരപഠന വിഭാഗം വികസിപ്പിക്കുന്നതിനു വേണ്ടിയും തുക കൊള്ളിച്ചിട്ടുണ്ട്.

1970–71–ലെ ബഡ്ജറ്റിൽ സാംസ്കാരിക പരിപാടികൾക്കും, കൂടുതൽ വിഹിതം നൽകിയിട്ടുണ്ട്. മെച്ചപ്പെട്ട ചലച്ചിത്രങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്രോൽസാഹനാർത്ഥം വർഷം തോറും ഏറ്റവും നല്ല രണ്ട് മലയാള ചിത്രങ്ങൾക്ക് സമ്മാനങ്ങൾ നൽകാനുള്ള ഒരു പദ്ധതി ആവിഷ്ക്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. 1970–71 മുതൽ സംഗീത നാടക അക്കാഡമിക്കുള്ള ഗ്രാൻറ് 75,000 രൂപയായി വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആശാൻ മെമ്മോറിയൽ അസോസിയേഷനുള്ള മാച്ചിംഗ് ഗ്രാൻറ് പരമാവധി 50,000 രൂപകണ്ട് വർദ്ധിപ്പിക്കുന്നുണ്ട്. കന്യാകുമാരിയിലെ വിവേകാനന്ദ റോക് മെമ്മോറിയൽ പ്രോജക്ടിന് ഒരു ലക്ഷം രൂപയുടെ ആവർത്തിക്കാത്ത ഗ്രാൻറ് നൽകുന്നതിന് വകയിരുത്തിയിട്ടുണ്ട്.

സംസ്ഥാനത്തിന് പുറത്തുള്ള ചില മലയാളി സംഘടനകളും വിദ്യാഭ്യാസ സ്ഥാപനങ്ങളും നടത്തിവരുന്നുണ്ട്. അങ്ങനെയുള്ള സംഘടനകൾക്കു ഉദാരമായ സാമ്പത്തിക സഹായം നൽകണമെന്നു ഉദ്ദേശിക്കുന്നു. ഇതിലേയ്ക്കായി രണ്ടു ലക്ഷം രൂപ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്.

## ആരോഗ്യം

ആരോഗ്യസേവനത്തെ സംബന്ധിച്ചിടത്തോളം നമ്മുടെ സംസ്ഥാനം മറ്റു സംസ്ഥാനങ്ങളുടെ മുൻപന്തിയിലാണ്. ഇതിലേക്ക് 1968–69 ലുള്ള പ്രതിശീർഷ വ്യയമായ 6.82 രൂപാ മിക്കവാറുമുള്ള മറെറല്ലാ സംസ്ഥാനങ്ങളിലേതിനെക്കാളും കൂടുതലാണ്. കഴിഞ്ഞ കാലങ്ങളിൽ പൊതുവായ ചികിൽസാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനു പുറമെ മെഡിക്കൽ സ്ഥാപനങ്ങളുടെയും, ബെഡ്ഡുകളുടെയും എണ്ണത്തിൽ ഗണ്യമായ വർദ്ധനയുണ്ടായിട്ടുണ്ട്. എങ്കിൽത്തന്നെയും, ആരോഗ്യ സേവനത്തിൻെറ നിലവാരം ഉയർത്തുന്നതിന് ഇനിയും വളരെയേറെ കാര്യങ്ങൾ ചെയ്യാനുണ്ട്. ഉദാഹരണത്തിന്, രോഗികളെ വേണ്ടത്ര ശ്രദ്ധിക്കുന്നതിന് നേഴ്സുമാരുടെ സംഖ്യ ഗണ്യമായി വർദ്ധിപ്പിക്കേണ്ടതുണ്ട്. പത്തു കിടക്കയ്ക്കു ഒരു നേഴ്സ് എന്നതാണ് അംഗീകൃതമായ പാറേറൺ എങ്കിലും അത് പ്രയോഗത്തിൽ വരുത്താൻ സാധിച്ചിട്ടില്ല. ദീർഘകാലാടിസ്ഥാനത്തിൽ നേഴ്സുമാരുടെ അംഗസംഖ്യ വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നു. ഈ വഴിക്കുള്ള ഒരു പ്രാരംഭ നീക്കമെന്ന നിലയ്ക്കു 1970–71–ലെ ബഡ്ജറ്റിൽ ഒരു ടോക്കൺ സംഖ്യ ഉൾക്കൊള്ളിച്ചിട്ടുണ്ട്. മരുന്നു വാങ്ങാനായി വകയിരുത്തിയിട്ടുള്ള 1.7 കോടി രൂപ മുൻകൊല്ലങ്ങളിൽ സാധാരണയായി ചെലവഴിക്കാറുള്ള തുകയെക്കാൾ വളരെ കൂടുതലാണ്. മരുന്നു വാങ്ങുന്നതിനെയും അവ സൂക്ഷിക്കുന്നതിനെയും വിതരണം ചെയ്യുന്നതിനെയും കുറിച്ച് ഗുരുതരമായ പരാതികൾ ഉണ്ടായിട്ടുണ്ട്. ബഡ്ജറ്റിൽ

LIBRARY ARCHIVES Kerala Legislative Assembly

വകകൊള്ളിക്കുന്ന തുകകളും കൂടുതൽ പ്രയോജനപ്രദമായി വിനിയോഗിക്കുന്നതു് ഉറപ്പു വരുത്താനായി തൽസംബന്ധമായ നടപടിക്രമങ്ങളും പരിഷ്ക്കരിക്കുന്ന കാര്യം ഗവൺമെൻറിൻെറ സജീവ പരിഗണനയിലിരിക്കുകയാണു്.

1970–71–ൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രത്യേക പരിപാടികളിൽ താലൂക്കാശുപത്രികളിൽ ഡെൻറൽ ക്ലിനിക്കുകളും സ്ഥാപിക്കുക, മറ്റു ചില ആശുപത്രികളിൽ രക്തബാങ്കുകളും, എക്സറേ യൂണിറ്റുകളും, മറ്റു സജ്ജീകരണങ്ങളും ഏർപ്പെടുത്തുക, ജില്ലാ ആശുപത്രികളിൽ ബാലചികിൽസായൂണിറ്റുകളും സ്ഥാപിക്കുക, തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഓപ്പറേഷൻ തിയേറ്റർ എയർ കണ്ടീഷൻ ചെയ്യുക എന്നിവ എടുത്തു പറയേണ്ടവയാണു്.

കുടുംബാസൂത്രണത്തിനുള്ള വിഹിതവും കാര്യമായി വർദ്ധിപ്പിച്ചിട്ടുണ്ടു്. 1969–70–ലെ പുതുക്കിയ എസ്റ്റിമേറ്റിൽ 49 ലക്ഷം രൂപയുടെ വർദ്ധനയാണുള്ളതു്. 1970–71–ലേയ്ക്കു വകയിരുത്തിയിട്ടുള്ള 227 ലക്ഷം രൂപ പുതുക്കിയ എസ്റ്റിമേറ്റിനെക്കാളും 27 ലക്ഷം രൂപ കൂടുതലാണു്.

ഹൌസ് സർജ്ജൻമാരുടെ സ്റ്റൈപ്പൻറു തുക പ്രതിമാസം 150 രൂപയിൽ നിന്നും 200 രൂപയായി വർദ്ധിപ്പിക്കുന്നതിനു് തീരുമാനിച്ചിട്ടുണ്ടു്. ബഡ്ജറ്റിൽ ഇതിലേയ്ക്കായി 2.4 ലക്ഷം രൂപ ഉൾക്കൊള്ളിച്ചിട്ടുണ്ടു്.

## പൊതുരേണം

കഴിഞ്ഞ ഏതാനും വർഷങ്ങളിലായി ഗവൺമെൻറിൻെറ പ്രവർത്തനങ്ങളിൽ ബഹുമുഖമായ വികാസം ഉണ്ടായിട്ടുണ്ടു്. ഒരു വശത്തു വർദ്ധിച്ച വികസനപ്രവർത്തനങ്ങളും പുതിയ കേഡറുകളും പുതിയ ഡിപ്പാർട്ടുമെൻറുകളും തന്നെയും സൃഷ്ടിക്കുന്നതിനു കാരണമായപ്പോൾ, മറുവശത്തു് റവന്യൂ പിരിവു് ഊർജ്ജിതപ്പെടുത്തുന്നതിനുവേണ്ടി മറ്റു ഡിപ്പാർട്ടുമെൻറുകളിലെ ഭരണയന്ത്രം ശക്തിപ്പെടുത്തേണ്ടിവന്നിട്ടുണ്ടു്. 1969–ൽ മലപ്പുറം ജില്ല പുതുതായി രൂപീകരിച്ചു. എന്നാൽ ഏതാനും ആഫീസുകൾ മാത്രമേ അക്കൊല്ലം അനുവദിച്ചുള്ളൂ. 1970–71–ൽ എക്സൈസ് ഡിവിഷനും, ജില്ലാ സ്റ്റാറ്റിസ്റ്റിക്കൽ ആഫീസും ജില്ലാ ഇൻഡസ്ട്രീസ് ആഫീസും, ജില്ലാ ട്രഷറിയും മലപ്പുറത്തു തുടങ്ങാൻ ഉദ്ദേശിക്കുന്നു. സ്പെഷ്യൽ ആഫീസറുടെ റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ മലനാടു് ജില്ല രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം ത്വരിതഗതിയിൽ പരിശോധിച്ചുകൊണ്ടിരിക്കുകയും ഒരു സൂചനത്തുക ബഡ്ജറ്റിൽ കൊള്ളിക്കുകയും ചെയ്തിട്ടുണ്ടു്.

ആവശ്യം കൂടുതൽ അനുഭവപ്പെടുന്ന സ്ഥലങ്ങളിൽ അഞ്ചു പുതിയ സബ് രജിസ്ട്രാർ ആഫീസുകളും നാലു പുതിയ സബ് ട്രഷറികളും വരുംകൊല്ലം തുറക്കുന്നതാണു്. മോട്ടോർവാഹന ഡിപ്പാർട്ടുമെൻറിൽ ഒരു ആഡിറ്റ്വിഭാഗം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നു. വർദ്ധിച്ച ഉത്തരവാദിത്വങ്ങൾക്കനുസരണമായി കാർഷികാദായ നികുതി വിൽപ്പനനികുതി ഡിപ്പാർട്ടുമെൻറ് ശക്തിപ്പെടുത്തുന്നതാണു്. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേഷനുകളുടെ ശരിയായ പരിശോധനകൾക്കായി കോഴിക്കോട്ടു് ഒരു റീജിയണൽ ഇലക്ട്രിക്കൽ ആഫീസ് തുറക്കുന്നതാണു്. നിർജ്ജീവമായിക്കിടന്നിരുന്ന പബ്ലിക്ക് റിലേഷൻസ് ഡിപ്പാർട്ടുമെൻറ് പുനഃസംഘടിപ്പിക്കുന്ന പ്രശ്നം സർക്കാരിൻെറ പരിഗണനയിലുണ്ടായിരുന്നു. അതിനു് ഇപ്പോൾ ഒരു തീരുമാനമായിട്ടുണ്ടു്. 'ജനപഥം' എന്ന പേരിൽ ഒരു മാസിക, സർക്കാരിൻെറ മുഖപ്പത്രമെന്നോണം, 1970 ജനുവരി മുതൽ ആരംഭിച്ചിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly